പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2.7.2015-ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1434

## കെ.രാഘവൻ മാസ്റ്റർക്ക് സ്മാരകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി |
| (എ) മലയാള ചലച്ചിത്ര സംഗീത ശാഖയ്ക്ക് അമൂല്യ സംഭാവനകൾ നൽകിയ കെ.രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) കെ.രാഘവൻ മാസ്റ്ററുടെ സ്മാരകം/പ്രതിമ നിർമ്മിക്കുന്നതിന് ലഭിച്ച പ്രപ്പോസൽ പരിശോധിച്ച് സർക്കാർ 15 ലക്ഷം രൂപ തലശ്ശേരി നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. രാഘവൻ മാസ്റ്ററുടെ പ്രതിമ നിർമ്മിക്കുന്നതിന് നഗരസഭ ശിൽപിയെ ചുമതലപ്പെടുത്തുകയും, പ്രവൃത്തിയുമായി ബന്ധപ്പെട്ട കരട് എസ്റ്റിമേറ്റ് ശിൽപി നഗരസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതിനായി എത്ര തുക നീക്കിവച്ചെന്ന് വെളിപ്പെടുത്താമോ; | (സി) പ്രതിമ നിർമ്മാണത്തിന് 25.50 ലക്ഷം രൂപയും അനുബന്ധ പ്രവൃത്തിക്ക് 15 ലക്ഷം രൂപയുമാണ് തലശ്ശേരി നഗരസഭ നീക്കി വെച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത സ്മാരക നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഡി) സ്മാരക നിർമ്മാണം ഒരു വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ